# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.677 — 11.07.2014 -ലെ മറുപടിയ്ക്ക്

## ദേശീയ ഉന്നത വിദ്യാഭ്യാസ പരിപാടി (റൂസ)

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ.കെ. വിജയൻ<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീ. പി. തിലോത്തമൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | ഉന്നത വിദ്യാഭ്യാ രംഗത്ത് അടിസ്ഥാന സൗകര്യ വികസനത്തിനും ഗവേഷണ പ്രവർത്തനങ്ങൾക്കും വേണ്ടിയുള്ള ദേശീയ ഉന്നത വിദ്യാഭ്യാസ പരിപാടി (റൂസ) സംസ്ഥാനത്ത് ആരംഭിച്ചതെന്നാണ്; | (എ) | 2014-15 വർഷത്തിലാണ് പദ്ധതി സംസ്ഥാനത്ത് ആരംഭിക്കുന്നത്. ഇതിനുള്ള സമ്മത പത്രം 2013-14 ൽ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് ഫണ്ട് ലഭിക്കുന്നതിനു വേണ്ടിയുള്ള എത്ര പദ്ധതികൾ കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ട്; അവ ഏതെല്ലാം; | (ബി) | സംസ്ഥാനത്ത് 4 മോഡൽ കോളേജുകൾ ആരംഭിക്കുന്നതിന് സമർപ്പിച്ച പ്രൊപ്പോസൽ റൂസയുടെ പ്രോജക്ട് അപ്രൂവൽ ബോർഡ് അംഗീകരിച്ചെങ്കിലും പിന്നീട് അംഗീകാരം റദ്ദാക്കുകയുണ്ടായി. റൂസയ്ക്ക് വേണ്ടിയുള്ള വിശദമായ സംസ്ഥാന ഉന്നത വിദ്യാഭ്യാസ പദ്ധതി തയ്യാറാക്കിവരുന്നു. |
| (സി) | റൂസ നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസി ഏതാണ് ; ഇതിനകം എത്ര തുക കേന്ദ്രത്തിൽ നിന്നും ഈ പദ്ധതിയുടെ വിഹിതമായി നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) | റൂസ ഗൈഡ് ലൈനനുസരിച്ച് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലുകൾ വഴിയാണ് പദ്ധതി നടപ്പാക്കേണ്ടത്. സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ റൂസ നടപ്പാക്കുന്നതിന്റെ ഏജൻസിയായി അംഗീകരിക്കുന്ന കാര്യം പരിഗണനയിലാണ്. റൂസയുടെ ഉന്നത വിദ്യാഭ്യാസ പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾക്കായി, കേന്ദ്ര ഗവൺമെന്റ് വിഹിതത്തിന്റെ 50% ആയ 2.60 കോടി രൂപ റിലീസ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ